കയർ യന്ത്ര നിർമ്മാണ ഫാക്ടറി

97 (2592) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ആരംഭിച്ച യന്ത്രനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ ;

(ബി) പച്ചത്തൊണ്ട് തല്ലുന്ന മെഷീൻ നിർമ്മാണ-വിതരണത്തിൽ വേണ്ടത്ര ജാഗ്രതയും വേഗതയും ഉണ്ടാകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏറ്റവും പുതുതായി വികസിപ്പിച്ചെടുത്തതും, ചകിരിനാര് മുറിഞ്ഞു പോകാത്തതുമായ എത്ര യന്ത്രം നിർമ്മാണം പൂർത്തീകരിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട് ;

(ഡി) പ്രസ്തുത യന്ത്രം വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡം എന്താണ് ; ഇതുവരെ എത്ര അപേക്ഷകൾ വന്നിട്ടുണ്ട് ; അതിൽ വ്യക്തികൾ എത്ര ; ആരെല്ലാം ; സഹകരണ സ്ഥാപനങ്ങൾ എത്ര ; ഏതെല്ലാം ; വിശദമാക്കുമോ ;

(ഇ) യുവാക്കൾക്കും പുതിയതായിവരുന്ന സംഘങ്ങൾക്കും യന്ത്രം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ ;

<u>ഉത്തരം</u>

(എ) കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ സർക്കാർ ഘട്ടം ഘട്ടമായി വിലയിരുത്തിവരുന്നുണ്ട്.

(ബി) അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചപ്പോൾതന്നെ പച്ചത്തൊണ്ട് തല്ലുന്ന മെഷീന്റെ പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും 2.81 കോടി രൂപയുടെ ഭരണാനുമതി ഈ പ്രോജക്ടിന് നൽകുകയും അതിൽ 1 കോടി രൂപ പിൻവലിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 125-ഓളം മിനി ഡീഫൈബറിംഗ് മെഷീനുകൾ നിർമ്മിച്ചു കൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർമ്മാണം പൂർത്തീകരിച്ച 35 മിനി ഡീഫൈബറിംഗ് മെഷീനുകളിൽ 10 എണ്ണം ഇതിനോടകം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 25 എണ്ണം വിതരണത്തിന് സജ്ജമായിട്ടുണ്ട്. 70 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായിവരുന്നു.

(ഡി) സംഘങ്ങളിലെ ത്രീഫേസ് കണക്ഷൻ, ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ഉത്പാദനം എന്നിവ അടിസ്ഥാനമാക്കിയാണ് അർഹത നിശ്ചയിക്കുന്നത്. പ്രസ്തുത യന്ത്രം ലഭിക്കുന്നതിനായി വ്യക്തികളിൽനിന്നോ സഹകരണ സ്ഥാപനങ്ങളിൽനിന്നോ പ്രത്യേകമായി അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. ആദ്യഘട്ടം എന്ന നിലയിൽ മേൽസൂചിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള 35 കയർ സഹകരണ സംഘങ്ങൾക്ക് പ്രസ്തുത യന്ത്രം നൽകാമെന്ന് പ്രൊജക്ട് ഓഫീസർമാർ ശിപാർശ ചെയ്തിരുന്നു. ഇതനുസരിച്ച് 35 മെഷീനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവയിൽ 10 എണ്ണം ഇതിനോടകം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. മെഷീനുകൾ നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 35 സംഘങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

കയർ മേഖലയിലെ ആഭ്യന്തര വിപണി

98 (2593) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുതലക്ഷ്യം കൈവരിക്കുന്നതിന് കയർ ഉൽപ്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly